- കഥ -

# സത്യവതീ, നിന്റെ പൂങ്കാവനത്തിലെ...!

ജോൺ ഇളമത

ഹരിപ്പാട്ടു മഹാക്ഷേത്രമുക്കീന്ന് പത്തു പതിനഞ്ച് കിലോമീറ്റർ സഞ്ചരിച്ചു. പല ഇടവഴികളിലൂടെ....

ഒടുവിൽ ആൽത്തറിയിലെത്തി. പലരോടും ചോദിച്ചുപറഞ്ഞാണ് ഇത്രടം എത്തിയത്. കെട്ടിപൊക്കിയ തറയിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള ആല്. വിസ്താരത്തിൽ പടർന്ന് ചുറ്റിലും വള്ളികൾ ഊന്നി വിരാജിക്കുന്നു. അതിന്റെ ചുവട്ടിൽ ഒരുവൻ, ബോധി വൃക്ഷത്തിനടിയിലെ ബുദ്ധനേപ്പോലെ ചമ്മണക്കുടുക്കിട്ടിരിക്കുന്നു. വേറെ അടുത്തെങ്ങും ആരെയും കാണാനില്ല. കാറിൽ നിന്നിറങ്ങി സൂക്ഷിച്ചുനോക്കി. യുവാവ്, വലതുകരത്തിലെ സെൽഫോൺ, വലതുചെവിയിൽ ചേർത്തുവെച്ച് ചാറ്റുന്നു. അടക്കിയ സ്വരത്തിൽ ഇക്കിളി ഇടും പോലെ ഇടയ്ക്കിടെ ഇളകി ചിരിക്കുന്നു. വായ് തോരാതെ സംസാരിച്ചുകൊണ്ടിരുന്നു. ശൃംഗാരപാരവശ്യത്തോടെ. ഗുട്ടൻസു കിട്ടി. ഇത് അതു തന്നെ, ഏതോ പൂവലൻ. ഞാൻ ചുറ്റിലുമൊരു വിഗഹവീക്ഷണം നടത്തി. ഒടുവിൽ കണ്ടുമുട്ടി. എതിരെയുള്ള വാർക്കകെട്ടിടത്തിനു മുകളിൽ ഒരു സുന്ദരി. സെൽഫോൺ ചെവിയോട് ചേർത്തുവെച്ച് പ്രേമപാരവശ്യത്തോടെ ഉലാത്തുന്നു.

ഒരു പട്ടിഗ്രാമം. ഭാഗ്യം! ഇയാളെ കണ്ടത്. ഇവിടെ അടുത്തെങ്ങാണ്ടാ. പലരോടും ചോദിച്ചാ ഇവിടെ എത്തിയത്. ഞാൻ ചുമച്ചു. മുരടനക്കി. യുവാവ് ചാറ്റു തന്നെ ചാറ്റ്! ഒടുവിൽ കൈപൊക്കി കാണിച്ചു. ഒന്നല്ല മൂന്നുതവണ. അപ്പോൾ അയാൾ മൂന്നുപ്രാവശ്യവും മറുകൈ വിടർത്തി കാട്ടി. ആ ആംഗ്യഭാഷ എനിക്കു പിടികിട്ടി. നിൽക്ക്, ഞാൻ ഒന്നു ചാറ്റിത്തീരട്ടെ. എന്താന്നു വെച്ചാ പറഞ്ഞുതരാം. അയാൾ പിന്നെയും ചാറ്റി ഏറെനേരം. എന്റെ ക്ഷമയുടെ നെല്ലിപ്പലക എത്തുവരെ. പെട്ടെന്ന് ആ സുന്ദരി അപ്രത്യക്ഷയായി. അയാൾ ചാറ്റ് നിർത്തി എന്നോട് ചോദിച്ചു.

എന്തോന്നാ സാങ് അന്വേഷിക്കുന്നെ?

സത്യവതീയെ ബംഗ്ലാവെവിടാ?

ഏതു സത്യവതി? ഓ, സോളാർ സത്യവതിയെ അന്വേഷിച്ചാണോ?

ഒരു പരിഹാസച്ചിരിയോടെ അയാൾ തുടർന്ന് ചോദിച്ചു.

കണ്ടിട്ട്, സാറ് ഫോറിനാന്ന് തോന്നുന്നു!

അതേ, ഞാൻ ന്യൂയോർക്കീന്നാ.

അയാൾ വെളുക്കെ ചിരിച്ചു; അപ്പോ ഹൈലെവലാ! സാറെ അമേരിക്കയിലെ മോനിക്കാലിവൻസ്കി, ആശാന്റെ വാസവദത്ത, മാർക്കാന്റണിയെ കറക്കിയ ക്ലിയോപാട്ര, പണ്ടു പരാശര മഹർഷിയെ കുപ്പീലെറക്കിയ കാളിന്ദി നദിയിലെ തോണിക്കാരി കാളി, അല്ലെങ്കിൽ കസ്തൂരിഗന്ധിയായ സത്യവതി, ആ വകുപ്പൊക്കെ തന്നെ ഈ സത്യവതീം!

ഞാൻ അത്തരക്കാരനൊന്നുമല്ല. ഞങ്ങൾക്ക് കോട്ടയത്ത് ഒരു കൺവൻഷൻ. അമേരിക്കൻ മലയാളികളുടെ മാമാങ്കം. അവിടെ കോളേജ് വിദ്യാർത്ഥിനികൾക്ക് ഒരു ബ്യൂട്ടി പോന്റ് മത്സരം. അത് ഉദ്ഘാടനം ചെയ്യാൻ ക്ഷണിക്കാനാ. ഫിലിംസ്റ്റാറുകളേക്കാളേറെ ഇപ്പോ ഡിമാന്റ് സത്യവതിക്കാന്നു കേട്ടു. ഞങ്ങൾക്കു കവറേജു കിട്ടണം. അത്ര തന്നെ.

ഞാൻ അയാൾക്കു നേരെ ഒരു ചോദ്യമെറിഞ്ഞു.

അപ്പോ നമ്മളാരാ?

ഒരു പ്രേമഭിക്ഷുകൻ!

അതെന്താ,

ഞാൻ ഒരു സുന്ദരിയെ പ്രണയിക്കുന്നു. കഴിഞ്ഞ രണ്ടുവർഷമായി. പ്രണയത്തിനു കണ്ണില്ലെന്നാണല്ലോ പ്രമാണം! അങ്ങനെയങ്ങു സംഭവിച്ചു. പിരിയാനാവാത്തവിധം ഞങ്ങൾ കാമ്പസിൽ തുടങ്ങിയതാ. അവളും, ഞാനും ഇംഗ്ലീഷ് എം.ഏയാ.

അതിനെന്താ, കെട്ടണം. ഇവിടെ നല്ല ജോലീം കിട്ടുമല്ലോ!

അതല്ലേ കൊഴപ്പം!

പിന്നെന്താ? രണ്ടു സമുദായക്കാരാണെന്നാണോ!

അതുമലല. ഒരേ സമുദായം.

പിന്നന്താ?

അതുതന്നെ പിരിവൊണ്ട്, സവർണ്ണനെന്നും, അവർണ്ണനെന്നും. കേട്ടിട്ടില്ലേ. പണ്ടത്തെ തൊട്ടുകൂടാത്തവനെന്നൊക്കെ! അതാ കൊഴപ്പം. അവളു സവർണ്ണയാ. അവടെ വീട്ടുകാര് ഏഴയലത്തടുക്കത്തില്ല. ഇതുവരെ തീരുമാനമായില്ല. കൊല്ലം രണ്ടു കഴിഞ്ഞു. ഈ ഒളിച്ചും പാത്തും കളി തൊടങ്ങീട്ട്! അപ്പോ ഒരു തീരുമാനമെടുത്തു. ഞങ്ങളു പോകുക, വടക്കോട്ട്, ഈ ബേക്കിൽ കേറി. ഡൽഹിക്കോ മറ്റോ! അവിടെങ്ങാനും സമാധാനമായി കഴിയാമല്ലോ. അവളിപ്പോവരും, സാറ് ന്നെ കണ്ടിട്ടില്ല. എന്നാരു ചോദിച്ചാലും പറയണം!

ഒളിച്ചോട്ടമാ അപ്പോ!

അല്ല, സാറെ പാലായനം!

വല്ല ചതിക്കുഴീം ആണോ ഈ പ്രേമമൊന്നൊക്കെ പറഞ്ഞ്!

സത്യമായിട്ടല്ല സാർ. ഇതു യഥാർത്ഥ പ്രണയം തന്നെ! ഒരു കയറേൽ തൂങ്ങാൻ ഞങ്ങൾക്കിരുവർക്കും പേടിയാ! അതുകൊണ്ടാ ഈ വഴി.

ങാ, ആട്ടെ മറ്റേ കക്ഷീടെ വീടേതാ!

ദേ, ഇവിടടുത്താ, ഈ കാണുന്ന ക്ഷേത്രഭണ്ഡാരം കഴിഞ്ഞ് വലത്തേക്കൊരു വഴി. അവിടെ ഒരു ഇരുനില മാളിക. അതിനു മുമ്പിൽ പടിപ്പുരയുണ്ട്. പടിപ്പുരയ്ക്ക് മുകളിൽ എഴുതി വച്ചിട്ടുണ്ട്. സത്യവതീ സദനം, കഷ്ടി രണ്ടു കിലോമീറ്റർ.

ഞാൻ വണ്ടിവിട്ടു. പടിപുരക്കു മുമ്പിലെത്തി. അവിടെ എഴുതിവെച്ചിരിക്കുന്നു. സുവർണ്ണ ലിപികളിൽ. സത്യവതീ സദനം. കാറ് എന്നിയപ്പോൾ സെൻസർ പിടിപ്പിച്ച ഗേറ്റ് താനെ തുറന്നു. വീണ്ടു അടഞ്ഞു. വിസ്താരമേറിയ ഫ്രണ്ട് യാർഡ്. ഇന്റർ ലോക്കിട്ടിരിക്കുന്നു. ചുറ്റിലും നാനാതരം പൂക്കൾ. പല നിറമുള്ള റോസുകൾ, ആന്തൂറിയം, ഡാഫഡിൽസ്, ഓർക്കിഡ്സ്. അതിനപ്പുറം ഇരുവശങ്ങളിലും പടർന്നുപന്തലിച്ച നാനാനിറമുള്ള പൂക്കൾ പേറി നിൽക്കുന്ന വള്ളിച്ചെടികൾ!

ഞാനറിയാതെ ഒരു ഈരടി എന്റെ ഉള്ളിൽ മുഴങ്ങി.

സത്യവതീ നിന്റെ പൂങ്കാവനത്തിലെ

നിത്യ ആരാധകനാകാൻ, കൊതിക്കും, ഞാൻ!

പരിഷ്കൃതമായ ഇരുനില മാളിക. പൂമുഖത്തു നിന്നൊരു സൗന്ദര്യധാമം ഇറങ്ങിവന്നു.

വെണ്ണനെയ് പോലെ ഒരു സുന്ദരി. പച്ചനിറമുള്ള ചുരിദാർ, പച്ചനിറമുള്ള കർണ്ണകണ്ഠാഭരണങ്ങൾ! മദാലസയായി ചിരിച്ചു.

ആവേശപുളകത്തോടെ ഞാൻ പരിചയപ്പെടുത്തി.

സത്യവതീ, ഞാനങ്ങമേരിക്കേന്നാ, ന്യൂയോർക്കീന്ന്!

കണ്ടപ്പഴേ മനസ്സിലായി. അല്ലെങ്കിലും സാധാരണക്കാരന്, ത്രാണി ഒണ്ടാകുമോ, മെർസിഡസ്സിന്റെ ഏറ്റവും പുതിയ മോഡലേ കേറി വരാൻ! കേറി ഇരിക്ക്. ഞാൻ സത്യവതി മാഡം അല്ല. മാഡത്തിന്റെ പി.എ. സതീദേവി!

സതീദേവി ഇത്രയും സുന്ദരി ആയപ്പം, സത്യവതി എന്തായിരിക്കാം, ചുമ്മാതല്ല ഇവിടുത്തെ പ്രമാണിമാരുടെ ഉറക്കം പോകുന്നത്.

പത്തുമിനിട്ടു കഴിഞ്ഞ് സതീദേവി ഉണർത്തിച്ചു.

സാറിനെ മാഡം അകത്തേക്ക് ക്ഷണിക്കുന്നു. വാസവദത്തയെ കാണാൻ പോയ ഉപഗുപ്തനെപ്പോലെ ഞാൻ ഉള്ളിലേക്ക് പ്രവേശിച്ചു. സ്പെഷ്യൽ ഗസ്റ്റിന്റെ സ്വീകരണമുറിയിൽ, ഒരു ആട്ടുകട്ടിലിൽ യഥാർത്ഥ സത്യവതി ഇരിക്കുന്നു. പാലാഴി കടഞ്ഞെടുത്തതുപോലെ. ചന്ദനത്തിന്റെ നിറം. കടുംചുവപ്പു പട്ടുസാരി. വജ്രാഭരണങ്ങളുടെ തിളക്കത്തിൽ സത്യവതി പുഞ്ചിരിച്ചു. പൂനിലാവു പോലെ. മുന്തിയ പെർഫ്യൂം പരിമളം ആ മുറിയിലാകെ. ഇവൾ വാസവദത്തയോ, അല്ല. കാളിന്ദീനദിയിലെ തോണിക്കാരി കസ്തൂരിഗന്ധിയായ സത്യവതി തന്നെ. ഞാൻ ഒരു പരാശരമുനിയെപ്പോലെ ഉന്മാദനായി. ഛേ! ചീത്തവിചാരങ്ങൾ!

സത്യവതീ മദാലയായി ചോദിച്ചു:

എവിടുന്നാ!

ന്യൂയോർക്കീന്ന്, പേര് ബേബിച്ചൻ. മാഡത്തിനെക്കൊണ്ടൊരാവശ്യം!

എന്ത്?

കോട്ടയത്ത് അമേരിക്കൻ മലയാളികളുടെ ഒരു മാമാങ്കം നടക്കാൻ പോകുന്നു. സത്യവതി വന്നൊന്ന് ഉദ്ഘാടനം നടത്തണം. കോളേജു കുമാരിമാരുടെ ബ്യൂട്ടിപേജ് മത്സരമാ. ചെഞ്ചായം പൂശിയ സത്യവതീടെ ചുണ്ടുകൾ, ചെമ്പരത്തിപ്പൂ പോലെ വിടർന്നു.

അതിനെന്താ, അതാ ഇപ്പോഴെന്റെ തൊഴില്, ഫീസ് ഒരു ലക്ഷമാ. അമ്പതിപ്പം തരണം. പിന്നെ എന്നെ പിക്കു ചെയ്യാൻ വരുമ്പം ബാക്കീം.

ഇതിനിടെ സത്യവതി സപ്രമഞ്ചത്തീന്നെണീറ്റ്, ഗ്ലാസ് അലമാരിയിൽ നിന്ന് വിലകൂടിയ റെമ്മി മാർട്ടിൻ ബ്രാണ്ടി, രണ്ട് ക്രിസ്റ്റൽ ഗ്ലാസുകളിൽ ഒഴിച്ച്, ഫ്രിഡ്ജിൽ നിന്ന് ഐസ്ക്യൂബ് അതിലിട്ട് ഒരു ഗ്ലാസ് എന്റെ നേരെ നീട്ടി കിളിമൊഴി പോലെ ചൊല്ലി:

നിങ്ങളെപ്പോലൊള്ളവരൊക്കെ വരുമ്പം എനിക്ക് കിട്ടുന്ന സമ്മാനമാണ്. മുന്തിയ ഇത്തരം മദ്യങ്ങൾ!

ശ്ശെ, ഇതറിഞ്ഞിരുന്നെ ഒരു കുപ്പി കൊണ്ടുവരാരുന്നു എന്ന് ഞാൻ ചിന്തിക്കവേ സത്യവതി ധൃതി കൂട്ടി!

കുടിക്ക്, ഒന്നൂടൊഴിക്കാം!

ഞാൻ മര്യാദ വിട്ടില്ല, അഡ്വാൻസ് തന്നില്ലല്ലോ?

ബാഗ് തുറന്ന്, ആയിരത്തിന്റെ ഒരു കെട്ടു കൊടുത്തു. അമ്പതിനായിരം!

സത്യവതി, അത് സേഫിൽ വെച്ചുപൂട്ടി. ഇതിനിടെ മൂന്നോ, നാലോ പെഗ്ഗടിച്ച്, ദുർബ്ബല നായ ഞാനങ്ങു ഫിറ്റായി.

പിന്നെ എന്താ സംഭവിച്ചതെന്ന് തന്നെ എനിക്കോർമ്മയില്ല. ഉന്മാദലഹരിയിൽ ഞാനൊരു സ്വപ്നം കണ്ടു.

മഹാഭാരതത്തിലെ അതേ കഥ പോലൊക്കെ തന്നെ. എന്നാൽ പരാശരമുനി്കല്ല കാമാ സക്തി ഉണർന്നത്, മറിച്ച് യമുനയിലെ തോണിക്കാരി കാളിക്ക്. അവൾ യമുനയുടെ മദ്ധ്യത്തിൽ തോണി അടുപ്പിച്ചു. മൂടൽമഞ്ഞിനുള്ളിൽ ബധീരീവനങ്ങൾ നിറഞ്ഞ നിബിഡമായ കാട്ടിലേക്ക് എന്നെ വാരി എടുത്തുകൊണ്ടുപോയി. ആ കാട്ടിനുള്ളിൽ ഒരു കാമകേളി ആടി. അയ്യോ! അത് ആരായിരുന്നു. ഞാനും, സത്യവതീമോ!

പെട്ടെന്ന് ഞാൻ ഞെട്ടി ഉണർന്നു. അവളുടെ പൂമെത്തയിൽ, പുതപ്പിനടിയിൽ ഞാൻ. അതും നഗ്നനായി! ഞാൻ ചാടി എണീറ്റു വസ്ത്രം ധരിച്ചു. അയ്യോ! അതൊരു രോദനമായിരുന്നോ! സത്യ വതി പൊട്ടിച്ചിരിച്ച് ബെഡ്റൂമിലേക്കു വന്നു. മദാലസയായി മൊഴിഞ്ഞു.

ബേബിച്ചനങ്ങു മറന്നുപോയോ, എന്നെ പിടിച്ച് ബെഡേൽ കെടത്തിയ കാര്യം! ങാ, സാര മില്ല. ഇതും എന്റെ സമ്മാനമാ. ഉന്നതർക്കു മാത്രം! ബേബിച്ചന്റെ കാറ് എന്റെ ഡ്രൈവറ്, കോടം പാക്കത്തിനു കൊണ്ടുപോയി. ഒരു വിഐപിയെ കാണാൻ. പകരം ബേബിച്ചന് തിരികെ പോകാൻ എന്റെ ഹോണ്ടാ തൽസ്ഥാനത്ത് ഇട്ടിട്ടൊണ്ട്.

ഇനിയും ബൻസ് എനിക്കിരിക്കട്ടെ. മാന്യന്മാര് വന്നുപോകുന്ന ഇടമല്ലേ!

ഞാൻ വെട്ടിവിയർത്തു. അണ്ടി കളഞ്ഞ അണ്ണാനെപ്പോലെയായി. മനസ്സിൽ പിരാകി പിറു പിറുത്തു.

ബെൻസും പോയി. അൻപതിനായിരോം പോയി!!!

***********